# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26



## C.E.M.UP SCHOOL NANDANKIZHAYA

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1.റവന്യൂ ജില്ല | : പാലക്കാട് |
| 2. സ്കൂൾ കോഡ് | : 21584 |
| 3. സ്കൂളിന്റെ പേര് | :സി .ഇ .എം .യു .പി സ്കൂൾ  നണ്ടൻകിഴായ |
| 4. മേൽവിലാസം | :നണ്ടൻകിഴായ ആനമാറി പോസ്റ്റ് പാലക്കാട് ജില്ല |
| 5. പിൻ കോഡ് | : 678506 |
| 6. ഫോൺ നമ്പർ | :8547959649 |
| 7. ഇമെയിൽ അഡ്രസ്സ് | :cemupschoolklgd@gmail.com |
| 8. ഗ്രാമ പഞ്ചായത്ത് | :മുതലമട |
| 9. വിദ്യാഭ്യാസ ജില്ല | : പാലക്കാട് |
| 10. സബ് ജില്ല | :കൊല്ലങ്കോട് |
| 11. ക്ലാസുകൾ | :1 മുതൽ 4 വരെ |
| 12. പഠനമാധ്യമം | :ഇംഗ്ലീഷ് |

## സ്കൂൾ ചരിത്രം

മുതലമട എന്നത് പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്താണ്.ഇവിടെ മാമ്പഴകൃഷിക്ക് പ്രസിദ്ധമാണ്. ഈ പ്രദേശം തമിഴ്നാടിന്റെ അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ദേശത്തിന് മുതലമട എന്ന പേര് വന്നതുമായി ബന്ധപ്പെട്ട് ധാരാളം ഐതിഹ്യങ്ങൾ പ്രാചീന കേരളത്തിൽ വേങ്ങനാട് എന്നറിയപ്പെട്ട കൊല്ലങ്കോട് പഴമയുടെ ഭംഗിയുള്ള ഒട്ടേറെ കാഴ്ചകൾ ഉറങ്ങുന്ന ഗ്രാമമാണ്. പ്രകൃതിരമണീയമായ കൊല്ലങ്കോട് ദേശത്തിന്റെ തൊട്ടടുത്ത സ്ഥിതി ചെയ്യുന്ന നണ്ടൻകിഴായ എന്ന ഗ്രാമപ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .

39 വർഷങ്ങൾക്കു മുമ്പ് കൃത്യമായി പറഞ്ഞാൽ 1986 ൽ നണ്ടൻകിഴായ ജുമാ - അത്ത് പള്ളിയുടെ കീഴിൽ ചുറ്റുപാടുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യഭ്യാസം സ്വായത്തമാക്കികൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു.

## ആമുഖം:

പാലക്കാട് ജില്ലയുടെ തെക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന കൊല്ലങ്കോട് ഉപജില്ലയിലെ ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മാതൃകയായി നിലകൊള്ളുന്നു. സ്കൂളിന്റെ ചിട്ടയായ പ്രവർത്തനം കലാകായിക പ്രവർത്തനങ്ങളിലും മത്സര പരീക്ഷകളിലും മികവ് പുലർത്താൻ സാധിച്ചു .

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

സ്കൂളിന്റെ അക്കാദമി രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് . പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ ഉടൻ പരിഹരിക്കുകയും ചെയ്യുന്നു.

അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മെന്റ് പി.ടി.എ അധ്യാപകർ രക്ഷിതാക്കൾ എന്നിവരുടെ സഹകരണം എടുത്തു പറയേണ്ടതാണ്.

സ്കൂൾ ക്യാമ്പസ് - വിശാലമായ കളിസ്ഥലവും പ്രകൃതിരമണീയമായ അന്തരീക്ഷത്തോടും കൂടിയ സ്കൂൾ ചുറ്റുപാട് ശിശു സൗഹൃദമായ പഠനാന്തരീക്ഷം നിലനിർത്തുന്നു.

ഈ വിദ്യാലയത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽധാരാളം ഡോക്ടർമാർ, ഉദ്യോഗാർത്ഥികൾ, കലാകാരന്മാർ,കായിക പ്രതിഭകൾ, തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്ന തലമുറയെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്കൂളിനെ വീണ്ടും പുരോഗതിയിലേക്ക് നയിക്കാനും കൂടുതൽ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനും വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്ന ഈ മാസ്റ്റർ പ്ലാനിങ്ങിന് സാധിക്കും എന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.

സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ :

| ക്രമ നമ്പർ | പ്രധാന അധ്യാപകർ | വർഷം |
|---|---|---|
| 1 | അബ്ദുൽ ഖനി | 1986 TO 2002 |
| 2 | മുഹമ്മദ് യൂസഫ്. എൻ. കെ | 2002 TO 2020 |
| 3 | ജൈലാവുദ്ദീൻ . എം.എ | 2020 TO 2021 |

# പ്രവർത്തനം-വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | ഭാഷാകളരി കുട്ടികളിൽ പാട്ടുകളും കഥകളും കളികളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | JUNE TO AUGUST | ക്ലാസ് ടീച്ചർ |
| ബോധവൽക്കരണ ക്ലാസുകളിലൂടെ കുട്ടികളിൽ പൊതുബോധം ഉണ്ടാക്കുക | • ലഹരി വിരുദ്ധ ക്ലാസുകൾ നാടകങ്ങൾ<br>• ട്രാഫിക് നിയമങ്ങൾ<br>• ശുചിത്വം<br>• പ്രകൃതിവിഭവസംരക്ഷണം | SEPTEMBER TO NOVEMBER | സ്കൂൾ അധ്യാപകർ |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • ഡോക്യുമെന്ററി പ്രദർശനം<br>• സന്ദർശനം<br>• പൊതു വിജ്ഞാനം പരിശോധിക്കൽ | DECEMBER TO JANUARY | SMC<br>സ്കൂൾ അധ്യാപകർ |
| പ്രകൃതിയെ അടുത്തറിയുന്നതിനും ആസ്വദിക്കുന്നതിനും | • ഉദ്യാനം<br>• ഔഷധത്തോട്ടം | DECEMBER TO JANUARY | SMC<br>സ്കൂൾ അധ്യാപകർ |
| നാടറിയാൻ നാട്ടറിവുകൾ ശേഖരിക്കൽ | • കർഷകരുമായി അഭിമുഖം<br>• കൃഷിയിടങ്ങൾ സന്ദർശിക്കൽ | JANUARY | നാട്ടുകാർ, ക്ലാസ് ടീച്ചർമാർ,<br>പി. ടി. എ |
| സർഗാത്മകത | • രചനകൾ<br>• ശില്പശാല<br>• കഥ<br>• കവിത<br>• രചനകൾ<br>• ഡയറിയെഴുത്ത് | JANUARY<br>TO<br>MARCH | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഭാഷാ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | • കാർട്ടൂൺ<br>• സിനിമ പ്രദർശനം<br>• ലൈബ്രറി ഉപയോഗപ്പെടുത്തൽ | JUNE<br>TO<br>NOVEMBER | ICT<br>ടീച്ചർമാർ |
| ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | • ഇംഗ്ലീഷ് ബാലസഭ സംഘടിപ്പിക്കൽ<br>• സംഭാഷണങ്ങൾ | JULY<br>TO<br>DECEMBER | ക്ലാസ് ടീച്ചർമാർ |
| വായനാശീലം വളർത്തൽ ആശയം മനസ്സിലാക്കാനും | • ലൈബ്രറി വികസനം<br>• വായനാ മത്സരങ്ങൾ | OCTOBER<br>TO<br>FEBRUARY | ക്ലാസ് ടീച്ചർമാർ |